**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1966** **11-10-2021 - ൽ മറുപടിയ്ക്ക്**

**കേരള പോലീസ് ഡ്രോൺ - ഫോറൻസിക് ലാബ് & റിസർച്ച് സെന്ററിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | കേരള പോലീസിൽ സൈബർ ഡോമിനു കീഴിൽ പ്രവർത്തനമാരംഭിച്ച കേരള പോലീസ് ഡ്രോൺ - ഫോറൻസിക് ലാബ് & റിസർച്ച് സെന്ററിന്റെ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ; | (എ) | ഡ്രോണുകളുടെ ഉപയോഗം രാജ്യത്തിലെ മിക്കവാറും എല്ലാ മേഖലയിലും വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കേരളാ പോലീസ് സൈബർ ഡോമിന്റെ കീഴിൽ ആരംഭിച്ച പുതിയ വിഭാഗം ആണ് കേരളാ പോലീസ് ഡ്രോൺ ഫോറൻസിക് ലാബ് & റിസർച്ച് സെന്റർ. ഡ്രോണുകളുമായി ബന്ധപ്പെട്ട ശാസ്ത്രീയ പരിശോധനകളും, ടെക്നിക്കൽ വിവരങ്ങളുടെ പരിശോധനയും, പോലീസ് സേനയുടെ വിവിധ ആവശ്യങ്ങൾ നിർവ്വഹിക്കാനുതകുന്ന രീതിയിലുള്ള ഡ്രോൺ ഡെവലപ്പ്മെന്റ്, മൊബൈൽ ആന്റി ഡ്രോൺ സിസ്റ്റം എന്നിവ ഈ റിസർച്ച് സെന്ററിന്റെ ഭാഗമാണ്. |
| (ബി) | പുതിയ കാലഘട്ടത്തിനനുസരിച്ച് ഏതൊക്കെ മേഖലകളിലാണ് ഇതിന്റെ പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) | ആരംഭഘട്ടത്തിൽ ഡ്രോണുകളുടെ ശാസ്ത്രീയ പരിശോധനകൾക്കും ടെക്നിക്കൽ വിശകലനത്തിനും ആവശ്യമായ ഡ്രോൺ ഫോറൻസിക് ലാബ്, വിവിധ തരം പോലീസിങ്ങിനാവശ്യമായ ഡ്രോണുകൾ നിർമ്മിച്ചെടുക്കുന്ന ഡ്രോൺ റിസർച്ച് സെന്റർ, ഡ്രോണുകളുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നതിനും ഡ്രോണുകളെ നിർവ്വീര്യമാക്കുന്നതിനുമായി മൊബൈൽ ആന്റി ഡ്രോൺ സിസ്റ്റം നിർമ്മിച്ചെടുക്കൽ എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ